**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **14-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ച നാലുവരി പാതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നാല് വരി പാതകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയായി വികസിപ്പിക്കുന്ന 3 റോഡുകളെയും രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്ന ഒരു റോഡിന്റെയും പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.<br><br>● **റോഡ്.1:- തലശ്ശേരി കൊടുവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ്**<br><br>നിർദ്ദിഷ്ട റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് G O (Rt) No.74/2017/PWD Dated 30.12.2017 പ്രകാരം പ്രാഥമിക ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി, ധർമ്മടം, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട എയർപോർട്ട് കണക്ടിവിറ്റി റോഡ് തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 21.976കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള റോഡ് 7 മീറ്റർ മുതൽ 14 മീറ്റർ വരെ RoW ഉള്ള രണ്ട് വരി പാതയാണ്. തലശ്ശേരി, ഇരിട്ടി താലൂക്കുകളിലെ 7 വില്ലേജുകളിലൂടെയാണ് നിർദിഷ്ട റോഡ് കടന്നുപോകുന്നത്. 39.93 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്.<br><br>ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും ഡി.പി.ആർ തയ്യാറാക്കലും ബാംഗ്ലൂർ ആസ്ഥാനമായുള്ള iDeCK എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. KIIFB-യുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനെ തുടർന്ന് |

പരിഷ്കരിച്ച DPR- പ്രകാരം നിർദിഷ്ട പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് ആവശ്യമായ തുക 962 കോടി രൂപയാണ്. KIIFB യുടെ 45-ാംബോർഡ് യോഗത്തിൽ ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 423.72 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023 - ന് ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള 6(1) വിജ്ഞാപനം 12.10.2021 - ന് പ്രസിദ്ധീകരിച്ചു. 26.05.2022 - ന് അലൈൻമെന്റിനു അംഗീകാരം ലഭിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 25.10.2023 - ന് RFCTLARR ആക്ട് 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു .

സാമൂഹികാഘാത പഠനത്തിനായി ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത് മാതാ കോളേജ്, തൃക്കാക്കര കൊച്ചിയെ നിയമിക്കുകയും പഠനം പൂർത്തിയാക്കി 2024 ഫെബ്രുവരി 26 മുതൽ 28 വരെയുള്ള തീയ്യതികളിൽ പബ്ലിക് ഹിയറിങ്ങ് നടത്തുകയും , ആയതിന്റെ ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ മീറ്റിങ്ങ് 19.06.2024, 24.06.2024 തീയ്യതികളിലായി നടത്തുകയും ചെയ്തു. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് 04.07.2024 - ന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചതിന് ശേഷം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- **റോഡ്.- 2. പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്- കൂത്തുപറമ്പ - മട്ടന്നൂർ എയർപ്പോർട്ട് റോഡ്.**

നിർദ്ദിഷ്ട റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് G O (Rt) No.74/2017/PWD Dated 30.12.2017 പ്രകാരം പ്രാഥമിക ഭരണാനുമതി നൽകി . കൂത്തുപറമ്പ്, തലശ്ശേരി, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട എയർപോർട്ട് കണക്ടിവിറ്റി റോഡ് പെരിങ്ങത്തൂരിൽ നിന്നും ആരംഭിച്ച് മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ് എന്നിവയെ ബന്ധിപ്പിച്ച് എയർപ്പോർട്ടിന് സമീപം അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 28.55 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത്. തലശ്ശേരി, ഇരിട്ടി താലൂക്കുകളിലെ 12 വില്ലേജുകളിലൂടെയാണ്

നിർദിഷ്ട റോഡ് കടന്നുപോകുന്നത്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിന് ഏറ്റെടുക്കേണ്ടത്.

ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും ഡി.പി.ആർ തയ്യാറാക്കലും ബാംഗ്ലൂർ ആസ്ഥാനമായുള്ള Habog എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. KIIFB-യുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനെ തുടർന്ന് പരിഷ്കരിച്ച DPR- പ്രകാരം നിർദിഷ്ട പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് ആവശ്യമായ തുക 1010 കോടി രൂപയാണ് . ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 591. 03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023 - ന് നൽകുകയുണ്ടായി.

ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള 6(1) വിജ്ഞാപനം 03.08.2022-ന് പ്രസിദ്ധീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചതിനെ തുടർന്ന് 19.02.2024 - ന് RFCTLARR ആക്ട് 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു.

സാമൂഹികാഘാത പഠനത്തിനായി തിരുവനന്തപുരം ആസ്ഥാനമായുള്ള സെൻ്റർ ഫോർ ലാൻ്റ് & സോഷ്യൽ സ്റ്റഡീസ് എന്ന സ്ഥാപനത്തിനെ നിയമിക്കുകയും എന്നാൽ പഠനം നടത്താൻ തയ്യാറല്ല എന്നുള്ള വിവരം 27.05.2024 - ന് ഏജൻസി അറിയിക്കുകയും ചെയ്തു. തുടർന്ന് സാമൂഹികാഘാത പഠനം നടത്തുന്നതിന് വേണ്ടി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കേണ്ടതുണ്ട്.

കോഴിക്കോട് ജില്ലയിൽ വരുന്ന കുറ്റ്യാടി പെരിങ്ങത്തൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ alignment അന്തിമമാക്കിയിട്ടില്ല. 4 Lane ആയിട്ടുള്ള draft alignment ൽ നാദാപുരം, കല്ലാച്ചി ടൗണുകളിൽ ബൈപാസ്സ് ആയിട്ടാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലങ്ങളിൽ Land Acquisition Issues ഉണ്ട്. കൂടാതെ കുറ്റ്യാടി ടൌൺ ഏരിയയിൽ One Way ആക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ അന്തിമ തീരുമാനം വന്നിട്ടില്ല. ആയതിനാൽ FS ലഭിക്കുന്നതിന് അലൈൻമെന്റ് Finalise ചെയ്യേണ്ടതുണ്ട്.

- **റോഡ്- 3 മാനന്തവാടി - ബോയ്സ്ടൗൺ - പേരാവൂർ - ശിവപുരം -മട്ടന്നൂർ റോഡ്**

കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡ് III മാനന്തവാടി, പേരാവൂർ, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. 58.219 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാത വയനാട് ജില്ലയെ മാനന്തവാടിയിൽ നിന്നും കണ്ണൂർ ജില്ലയെ മട്ടന്നൂര്നിന്നും ബന്ധിപ്പിക്കുന്നു.

താഴെപ്പറയുന്ന സ്ട്രെച്ചുകളായി തിരിച്ചു.

സ്ട്രെച്ച് I - വയനാട് ജില്ലയിലെ മാനന്തവാടി മുതൽ ബോയ്സ് ടൗൺ വരെ (ch-. 0/000 മുതൽ 12/400 വരെ) റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) iDECK തയ്യാറാക്കി അവലോകനത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി DPR വീണ്ടും സമർപ്പിക്കുന്നതാണ്

സ്ട്രെച്ച് II - ബോയ്സ് ടൗൺ മുതൽ കണ്ണൂർ ജില്ലയിലെ അമ്പായത്തോട് വരെ (ch. 12/400 മുതൽ 18/100 വരെ).

നിലവിൽ മലയോര ഹൈവേയിൽ ഉൾപ്പെട്ടിട്ടുള്ള ഈ ഭാഗത്തിന്റെ എയർപോർട്ട് കണക്ടിവിറ്റി റോഡ് ആയി വികസിപ്പിക്കുന്നതിനുള്ള DPR കിഫ്ബിയുടെ പരിഗണനയിലാണ്.

സ്ട്രെച്ച് III - കണ്ണൂർ ജില്ലയിലെ അമ്പായത്തോട്-മട്ടന്നൂർ (ch 18/100 മുതൽ 58/219 വരെ) 24 മീറ്റർ റോഡ്‌വേയുള്ള നാല് വരി പാതയുടെ നിലവാരത്തിലുള്ളതാണ് നിർദ്ദിഷ്ട റോഡ്. ഇപ്പോഴത്തെ റോഡിന് 5-7 മീറ്ററും RoW ശരാശരി 7-13 മീറ്ററുമാണ്. കൊട്ടിയൂർ, കേളകം, മണത്തണ, പേരാവൂർ, തോലമ്പ്ര, മാലൂർ, ശിവപുരം, മട്ടന്നൂർ വില്ലേജുകളിലൂടെയും തലശ്ശേരി, ഇരിട്ടി താലൂക്കുകളിലൂടെയും റോഡ് കടന്നുപോകുന്നു.

ഈ റോഡ് പദ്ധതിയുടെ ഡിപിആറും എസ്റ്റിമേറ്റും തയ്യാറാക്കിയത് iDeCK കൺസൾട്ടൻസിയാണ്. ഡിപിആറും എസ്റ്റിമേറ്റും 26-05-2022-ന് അംഗീകാരത്തിനായി നൽകി. ഡിപിആറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

ആകെ എസ്റ്റിമേറ്റ് തുക - 1699.37 കോടി

ഏറ്റെടുക്കേണ്ട ആകെ ഭൂമി- 84.906 ഹെക്ടർ

നിർമ്മാണ ചെലവ് - 746.88 കോടി

മേൽ റോഡിനു ഭൂമി ഏറ്റെടുക്കുന്നതിനായി 964.72 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023 -ന് ലഭിക്കുകയുണ്ടായി. റോഡിനു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോം അടങ്ങുന്ന അപേക്ഷ 07-07-2022-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 01-10-2022 ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന് റെവന്യൂ വിഭാഗവുമായി സംയുക്ത പരിശോധന ആരംഭിച്ചു. എയർപ്പോർട്ട് കണക്ടിവിറ്റി തലശ്ശേരി അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ്, എയർപോർട്ട് കണക്ടിവിറ്റി പെരിങ്ങത്തൂർ -മട്ടന്നൂർ റോഡ് എന്നിവയുടെ സംയുക്ത പരിശോധനയും ഒരേ സമയം ആരംഭിച്ചതിനാൽ ഈ റോഡിന്റെ പരിശോധനയ്ക്ക് സർവെയർമാരുടെ അഭാവം ഉണ്ടായതും, കൊട്ടിയൂർ വില്ലേജിന്റെ ബ്ലോക്ക് മാപ് ലഭ്യമാകാനുള്ള താമസവും റോഡിന്റെ സംയുക്ത പരിശോധന നീളുന്നതിനു കാരണമായി. സംയുക്ത പരിശോധന 2024 ജൂൺ രണ്ടാം വാരത്തിൽ പൂർത്തീകരിക്കുകയും 4(1) വിജ്ഞാപനം 30.08.2024 -ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. സാമൂഹികാഘാത പഠനത്തിനായി വി.കെ കൺസൽട്ടൻസി സെൻറർ, കോഴിക്കോടിനെ നിയമിക്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. സാമൂഹികാഘാത പഠനം പൂർത്തീകരിച്ചതിന് ശേഷം വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

● എയർപോർട്ട് കണക്റ്റിവിറ്റി- ചോർക്കള - ബാവുപ്പറമ്പ- നാണിച്ചേരിക്കടവ്- ചെക്യാട്ടുകാവ്- മയ്യിൽ-പാവന്നൂർ മൊട്ട- കൊളോളം-ചാലോട് റോഡ്

കി.മീ.0/000-22/600, തളിപ്പറമ്പ്-ടാഗോർ വിദ്യാനികേതൻ - സർ സയ്യിദ് കോളേജ് -ഭ്രാന്തൻ കുന്ന് റോഡ് കി.മീ.0/000-2/657 ചോർക്കള മുതൽ ചാലോട് വരെയുള്ള ഒന്നാമത്തെ ഭാഗവും, തളിപ്പറമ്പ് ടാഗോർ വിദ്യാനികേതൻ മുതൽ - സർ സയ്യിദ്കോളേജ്-ഭ്രാന്തൻ കുന്ന് വരെയുള്ള രണ്ടാമത്തെ ഭാഗവും ഉൾപ്പെടെ പ്രോജെക്റ്റ് റോഡിന് ആകെ 25.25 km നീളമാണ് ഉള്ളത്. 13.6 മീറ്റർ ROW വിൽ രണ്ടുവരിപ്പാതയാണ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്.

റോഡ് പ്രവൃത്തിയുടെ ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചതിനെ തുടർന്ന് 02/03/2020 -ന് 291.63 കോടി രൂപയുടെ സാമ്പത്തീകാനുമതി ലഭിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള റിക്വിസിഷൻ ജില്ലാ കളക്ടർ കണ്ണൂരിന് 25-03-2021 ന് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. 26-10-2021 -ന് 6(1) നോട്ടിഫിക്കേഷൻ പ്രസീദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വിഭാഗത്തിന്റെ സ്ഥലപരിശോധന പൂർത്തീകരിക്കുകയും 4(1) നോട്ടിഫിക്കേഷൻ 11.10.2022 - ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പാരിസ്ഥിതിക ആഘാത പഠനത്തിനുള്ള ഏജൻസിയെ തീരുമാനിക്കുകയും, ഏജൻസി തയ്യാറാക്കിയ പാരിസ്ഥിതിക ആഘാത പഠനത്തിന്റെ കരട് റിപ്പോർട്ട് എല്ലാ പഞ്ചായത്തുകളിലും മീറ്റിംഗ് കൂടി അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് Expert കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ആദ്യ കമ്മിറ്റി മീറ്റിംഗ് 27-03-2023 - ന് നടത്തിയിട്ടുള്ളതാണ്. തുടർന്ന് Expert കമ്മിറ്റി ശുപാർശകൾ ഗവൺമെന്റിൽ സമർപ്പിക്കുകയും ആയത് ഗവണ്മെന്റ് അംഗീകരിച്ചു. 11(1)നോട്ടിഫിക്കേഷൻ 26-09-2023 - ന് പ്രസിദ്ധീകരിക്കുകയും സർവ്വേ ആരംഭിക്കുകയും ചെയ്തു.<br><br>22-03-2023 ന് നടന്ന പ്രവൃത്തി അവലോകന യോഗത്തിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സമാന്തരമായി ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ എം എൽ എ നിർദേശം നൽകുകയുണ്ടായി. അതിനായി ജനങ്ങളിൽ നിന്നും സമ്മതപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ റെവന്യു വകുപ്പിനെയും , കെ ആർ എഫ് ബി യെയും , പഞ്ചായത്ത് പ്രസിഡന്റ് മാരെയും ഏർപ്പെടുത്തി.<br><br>ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി കണക്കാക്കുന്നതിന് സർവ്വേ പൂർത്തീകരിച്ചതിനു ശേഷം മെയ് മാസം അവസാനം 496 ഉടമയങ്ങളുടെ മഹസർ ലഭ്യമായിട്ടുണ്ട്. മഹസ്സറിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെയും കാർഷിക വിളകളുടേയും വില നിർണ്ണയം പൂർത്തിയാക്കേണ്ടതായുണ്ട്. കെട്ടിടങ്ങളുടെയും നിർമാണങ്ങളുടെയും വിലനിർണ്ണയ നടപടികൾ നടന്നുവരുന്നു. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത റോഡുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയായി വികസിപ്പിക്കുന്ന 3 റോഡുകളെയും രണ്ടു വരിപ്പാതയായി |

വികസിപ്പിക്കുന്ന ഒരു റോഡിന്റെയും പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

- **റോഡ്.1:- തലശ്ശേരി കൊടുവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ്**

നിർദ്ദിഷ്ട റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് G O (Rt) No.74/2017/PWD Dated 30.12.2017 പ്രകാരം പ്രാഥമിക ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി, ധർമ്മടം, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട എയർപോർട്ട് കണക്റ്റിവിറ്റി റോഡ് തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 21.976കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള റോഡ് 7 മീറ്റർ മുതൽ 14 മീറ്റർ വരെ RoW ഉള്ള രണ്ട് വരി പാതയാണ്. തലശ്ശേരി, ഇരിട്ടി താലൂക്കുകളിലെ 7 വില്ലേജുകളിലൂടെയാണ് നിർദിഷ്ട റോഡ് കടന്നുപോകുന്നത്. 39.93 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്.

ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും ഡി.പി.ആർ തയ്യാറാക്കലും ബാംഗ്ലൂർ ആസ്ഥാനമായുള്ള iDeCK എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. KIIFB-യുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനെ തുടർന്ന് പരിഷ്കരിച്ച DPR- പ്രകാരം നിർദിഷ്ട പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് ആവശ്യമായ തുക 962 കോടി രൂപയാണ്. KIIFB യുടെ 45-ാംബോർഡ് യോഗത്തിൽ ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 423.72 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023 - ന് ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള 6(1) വിജ്ഞാപനം 12.10.2021 - ന് പ്രസിദ്ധീകരിച്ചു. 26.05.2022 - ന് അലൈൻമെന്റിനു അംഗീകാരം ലഭിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 25.10.2023 - ന് RFCTLARR ആക്ട് 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു .

സാമൂഹികാഘാത പഠനത്തിനായി ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത് മാതാ

കോളേജ്, തൃക്കാക്കര കൊച്ചിയെ നിയമിക്കുകയും പഠനം പൂർത്തിയാക്കി 2024 ഫെബ്രുവരി 26 മുതൽ 28 വരെയുള്ള തീയ്യതികളിൽ പബ്ലിക് ഹിയറിങ്ങ് നടത്തുകയും , ആയതിന്റെ ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ മീറ്റിങ്ങ് 19.06.2024, 24.06.2024 തീയ്യതികളിലായി നടത്തുകയും ചെയ്തു. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് 04.07.2024 - ന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചതിന് ശേഷം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- **റോഡ്.- 2. പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്- കൂത്തുപറമ്പ - മട്ടന്നൂർ എയർപ്പോർട്ട് റോഡ്.**

നിർദ്ദിഷ്ട റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് G O (Rt) No.74/2017/PWD Dated 30.12.2017 പ്രകാരം പ്രാഥമിക ഭരണാനുമതി നൽകി . കൂത്തുപറമ്പ്, തലശ്ശേരി, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പെരിങ്ങത്തൂരിൽ നിന്നും ആരംഭിച്ച് മേക്കുന്ന്-പാനൂർ-പൂക്കോട്-കൂത്തുപറമ്പ് എന്നിവയെ ബന്ധിപ്പിച്ച് എയർപ്പോർട്ടിന് സമീപം അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 28.55 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദ്ദിഷ്ട പാതയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളത്. തലശ്ശേരി, ഇരിട്ടി താലൂക്കുകളിലെ 12 വില്ലേജുകളിലൂടെയാണ് നിർദിഷ്ട റോഡ് കടന്നുപോകുന്നത്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമാണത്തിന് ഏറ്റെടുക്കേണ്ടത്.

ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളും ഡി.പി.ആർ തയ്യാറാക്കലും ബാംഗ്ലൂർ ആസ്ഥാനമായുള്ള Habog എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. KIIFB-യുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനെ തുടർന്ന് പരിഷ്കരിച്ച DPR- പ്രകാരം നിർദിഷ്ട പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് ആവശ്യമായ തുക 1010 കോടി രൂപയാണ് . ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 591. 03 കോടി രൂപയുടെ സാമ്പത്തികാനുമതി കീഫ്ബിയിൽ നിന്നും 25-04-2023 - ന് നൽകുകയുണ്ടായി.

ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള 6(1) വിജ്ഞാപനം 03.08.2022-ന് പ്രസിദ്ധീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ

സ്ഥാപിച്ചതിനെ തുടർന്ന് 19.02.2024 - ന് RFCTLARR ആക്റ്റ് 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു.

സാമൂഹികാഘാത പഠനത്തിനായി തിരുവനന്തപുരം ആസ്ഥാനമായുള്ള സെൻ്റർ ഫോർ ലാൻ്റ് & സോഷ്യൽ സ്റ്റഡീസ് എന്ന സ്ഥാപനത്തിനെ നിയമിക്കുകയും എന്നാൽ പഠനം നടത്താൻ തയ്യാറല്ല എന്നുള്ള വിവരം 27.05.2024 - ന് ഏജൻസി അറിയിക്കുകയും ചെയ്തു. തുടർന്ന് സാമൂഹികാഘാത പഠനം നടത്തുന്നതിന് വേണ്ടി മറ്റൊരു ഏജൻസിയെ ഏൽപ്പിക്കേണ്ടതുണ്ട്.

കോഴിക്കോട് ജില്ലയിൽ വരുന്ന കുറ്റ്യാടി പെരിങ്ങത്തൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ alignment അന്തിമമാക്കിയിട്ടില്ല. 4 Lane ആയിട്ടുള്ള draft alignment ൽ നാദാപുരം, കല്ലാച്ചി ടൗണുകളിൽ ബൈപാസ്സ് ആയിട്ടാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലങ്ങളിൽ Land Acquisition Issues ഉണ്ട്. കൂടാതെ കുറ്റ്യാടി ടൌൺ ഏരിയയിൽ One Way ആക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ അന്തിമ തീരുമാനം വന്നിട്ടില്ല. ആയതിനാൽ FS ലഭിക്കുന്നതിന് അലൈൻമെന്റ് Finalise ചെയ്യേണ്ടതുണ്ട്.

- **റോഡ്- 3 മാനന്തവാടി - ബോയ്സ്ടൗൺ - പേരാവൂർ - ശിവപുരം -മട്ടന്നൂർ റോഡ്**

കണ്ണൂർ ഇൻ്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡ് III മാനന്തവാടി, പേരാവൂർ, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. 58.219 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാത വയനാട് ജില്ലയെ മാനന്തവാടിയിൽ നിന്നും കണ്ണൂർ ജില്ലയെ മട്ടന്നൂര്നിന്നും ബന്ധിപ്പിക്കുന്നു.

താഴെപ്പറയുന്ന സ്‌ട്രെച്ചുകളായി തിരിച്ചു.

സ്ട്രെച്ച് I - വയനാട് ജില്ലയിലെ മാനന്തവാടി മുതൽ ബോയ്സ് ടൗൺ വരെ (ch-. 0/000 മുതൽ 12/400 വരെ) റോഡിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡിപിആർ) iDECK തയ്യാറാക്കി അവലോകനത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി DPR വീണ്ടും സമർപ്പിക്കുന്നതാണ്

സ്ട്രെച്ച് II - ബോയ്സ് ടൗൺ മുതൽ കണ്ണൂർ ജില്ലയിലെ അമ്പായത്തോട് വരെ (ch. 12/400 മുതൽ 18/100 വരെ).

നിലവിൽ മലയോര ഹൈവേയിൽ ഉൾപ്പെട്ടിട്ടുള്ള ഈ ഭാഗത്തിന്റെ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് ആയി വികസിപ്പിക്കുന്നതിനുള്ള DPR കിഫ്ബിയുടെ പരിഗണനയിലാണ്.

സ്ട്രെച്ച് III - കണ്ണൂർ ജില്ലയിലെ അമ്പായത്തോട്-മട്ടന്നൂർ (ch 18/100 മുതൽ 58/219 വരെ) 24 മീറ്റർ റോഡ്‌വേയുള്ള നാല് വരി പാതയുടെ നിലവാരത്തിലുള്ളതാണ് നിർദ്ദിഷ്ട റോഡ്. ഇപ്പോഴത്തെ റോഡിന് 5-7 മീറ്ററും RoW ശരാശരി 7-13 മീറ്ററുമാണ്. കൊട്ടിയൂർ, കേളകം, മണത്തണ, പേരാവൂർ, തോലമ്പ്ര, മാലൂർ, ശിവപുരം, മട്ടന്നൂർ വില്ലേജുകളിലൂടെയും തലശ്ശേരി, ഇരിട്ടി താലൂക്കുകളിലൂടെയും റോഡ് കടന്നുപോകുന്നു.

ഈ റോഡ് പദ്ധതിയുടെ ഡിപിആറും എസ്റ്റിമേറ്റും തയ്യാറാക്കിയത് iDeCK കൺസൾട്ടൻസിയാണ്. ഡിപിആറും എസ്റ്റിമേറ്റും 26-05-2022-ന് അംഗീകാരത്തിനായി നൽകി. ഡിപിആറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

ആകെ എസ്റ്റിമേറ്റ് തുക - 1699.37 കോടി

ഏറ്റെടുക്കേണ്ട ആകെ ഭൂമി- 84.906 ഹെക്ടർ

നിർമ്മാണ ചെലവ് - 746.88 കോടി

മേൽ റോഡിനു ഭൂമി ഏറ്റെടുക്കുന്നതിനായി 964.72 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023 -ന് ലഭിക്കുകയുണ്ടായി. റോഡിനു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ഫോം അടങ്ങുന്ന അപേക്ഷ 07-07-2022-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 01-10-2022 ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന് റെവന്യൂ വിഭാഗവുമായി സംയുക്ത പരിശോധന ആരംഭിച്ചു. എയർപ്പോർട്ട് കണക്ടിവിറ്റി തലശ്ശേരി അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ്, എയർപോർട്ട് കണക്ടിവിറ്റി പെരിങ്ങത്തൂർ -മട്ടന്നൂർ റോഡ് എന്നിവയുടെ സംയുക്ത പരിശോധനയും ഒരേ സമയം ആരംഭിച്ചതിനാൽ ഈ റോഡിന്റെ പരിശോധനയ്ക്ക് സർവെയർമാരുടെ അഭാവം ഉണ്ടായതും, കൊട്ടിയൂർ വില്ലേജിന്റെ ബ്ലോക്ക് മാപ് ലഭ്യമാകാനുള്ള താമസവും റോഡിന്റെ സംയുക്ത പരിശോധന നീളുന്നതിനു കാരണമായി. സംയുക്ത പരിശോധന 2024 ജൂൺ രണ്ടാം വാരത്തിൽ പൂർത്തീകരിക്കുകയും 4(1) വിജ്ഞാപനം 30.08.2024 -ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. സാമൂഹികാഘാത

പഠനത്തിനായി വി.കെ കൺസൽട്ടൻസി സെൻ്റർ, കോഴിക്കോടിനെ നിയമിക്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. സാമൂഹികാഘാത പഠനം പൂർത്തീകരിച്ചതിന് ശേഷം വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

● എയർപോർട്ട് കണക്റ്റിവിറ്റി- ചൊർക്കള - ബാവുപ്പറമ്പ- നാണിച്ചേരിക്കടവ്- ചെക്യാട്ടുകാവ്- മയ്യിൽ-പാവന്നൂർ മൊട്ട- കൊളോളം-ചാലോട് റോഡ്

കി.മീ.0/000-22/600, തളിപ്പറമ്പ്-ടാഗോർ വിദ്യാനികേതൻ - സർ സയ്യിദ് കോളേജ് -ഭ്രാന്തൻ കുന്ന് റോഡ് കി.മീ.0/000-2/657 ചൊർക്കള മുതൽ ചാലോട് വരെയുള്ള ഒന്നാമത്തെ ഭാഗവും, തളിപ്പറമ്പ് ടാഗോർ വിദ്യാനികേതൻ മുതൽ - സർ സയ്യിദ്കോളേജ്-ഭ്രാന്തൻ കുന്ന് വരെയുള്ള രണ്ടാമത്തെ ഭാഗവും ഉൾപ്പെടെ പ്രോജെക്ട് റോഡിന് ആകെ 25.25 km നീളമാണ് ഉള്ളത്. 13.6 മീറ്റർ ROW വിൽ രണ്ടുവരിപ്പാതയാണ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്.

റോഡ് പ്രവൃത്തിയുടെ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചതിനെ തുടർന്ന് 02/03/2020 -ന് 291.63 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി.

പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള റിക്വിസിഷൻ ജില്ലാ കളക്ടർ കണ്ണൂരിന് 25-03-2021 ന് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. 26-10-2021 -ന് 6(1) നോട്ടിഫിക്കേഷൻ പ്രസീദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വിഭാഗത്തിന്റെ സ്ഥലപരിശോധന പൂർത്തീകരിക്കുകയും 4(1) നോട്ടിഫിക്കേഷൻ 11.10.2022 - ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പാരിസ്ഥിതിക ആഘാത പഠനത്തിനുള്ള ഏജൻസിയെ തീരുമാനിക്കുകയും, ഏജൻസി തയ്യാറാക്കിയ പാരിസ്ഥിതിക ആഘാത പഠനത്തിന്റെ കരട് റിപ്പോർട്ട് എല്ലാ പഞ്ചായത്തുകളിലും മീറ്റിംഗ് കൂടി അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് Expert കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ആദ്യ കമ്മിറ്റി മീറ്റിംഗ് 27-03-2023 - ന് നടത്തിയിട്ടുള്ളതാണ്. തുടർന്ന് Expert കമ്മിറ്റി ശുപാർശകൾ ഗവൺമെന്റിൽ സമർപ്പിക്കുകയും ആയത് ഗവണ്മെന്റ് അംഗീകരിച്ചു. 11(1)നോട്ടിഫിക്കേഷൻ 26-09-2023 - ന് പ്രസിദ്ധീകരിക്കുകയും സർവ്വേ ആരംഭിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | 22-03-2023 ന് നടന്ന പ്രവൃത്തി അവലോകന യോഗത്തിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സമാന്തരമായി ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ എം എൽ എ നിർദേശം നൽകുകയുണ്ടായി. അതിനായി ജനങ്ങളിൽ നിന്നും സമ്മതപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ റെവന്യൂ വകുപ്പിനെയും , കെ ആർ എഫ് ബി യെയും , പഞ്ചായത്ത് പ്രസിഡന്റ് മാരെയും ഏർപ്പെടുത്തി.<br><br>ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി കണക്കാക്കുന്നതിന് സർവ്വേ പൂർത്തീകരിച്ചതിനു ശേഷം മെയ് മാസം അവസാനം 496 ചമയങ്ങളുടെ മഹസർ ലഭ്യമായിട്ടുണ്ട്. മഹസ്സറിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെയും കാർഷിക വിളകളുടേയും വില നിർണ്ണയം പൂർത്തിയാക്കേണ്ടതായുണ്ട്. കെട്ടിടങ്ങളുടെയും നിർമാണങ്ങളുടെയും വിലനിർണ്ണയ നടപടികൾ നടന്നുവരുന്നു. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ